"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കോഴിക്കോട് കോർപ്പറേഷനിൽ സുപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സുരേഷ്.കെ.കെ ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ. 1290/2023 നമ്പർ കേസിലെ 11.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1861/2023/LSGD തീയതി,തിരുവനന്തപുരം, 20-09-2023

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീ.സുരേഷ്.കെ.കെ. സർക്കാരിൽ സമർപ്പിച്ച 04.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ(അനക്ഷർ എ6 )
3. ശ്രീ.സുരേഷ്.കെ.കെ ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ. 1290/2023 നമ്പർ കേസിലെ 11.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.09.2023 തീയതിയിലെ LSGD/PD/54972/2023-DEB1 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി കോഴിക്കോട് കോർപ്പറേഷനിൽ സുപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സുരേഷ്.കെ.കെ സമർപ്പിച്ച പരാമർശം 2 അപ്പീൽ (അനക്ഷർ എ6) പ്രകാരം, തന്നെ ഉണ്ണികുളം ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് മാറ്റി നിയമിച്ച ഉത്തരവ് റദ്ദ് ചെയ്ത് കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ തന്നെ നിലനിർത്തുന്നതിന് അപേക്ഷിക്കുകയുണ്ടായി. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.സുരേഷ്.കെ.കെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1290/2023 നമ്പർ കേസിലെ 11.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സമർപ്പിച്ച അനക്ഷർ എ6 അപ്പീൽ പരിഗണിച്ച് ആയതിൽ ഉത്തരവ് ലഭിച്ച തീയതിമുതൽ ഒരു മാസത്തിനുള്ളിൽ ഉത്തരവാകണമെന്ന് ഒന്നാം എതിർ കക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.സുരേഷ്.കെ.കെ.-യുടെ അപ്പീൽ അപേക്ഷയിലെ വാദങ്ങൾ പ്രകാരം, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിൽ സൂപ്രണ്ട് തസ്തികയിൽ ജോലി നിർവ്വഹിച്ചുവരുന്ന താൻ 2024 ഏപ്രിൽ മാസം 30-ാം തീയതി സർവ്വീസിൽ നിന്നും വിരമിക്കുന്നതാണെന്നും

വിരമിക്കുന്നതിന് കേവലം 9 മാസം മാത്രം അവശേഷിക്കുന്ന ടിയാനെ അസിസ്റ്റന്റ് സെക്രട്ടറി (ഹയർ ഗ്രേഡ്) തസ്തികയിൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിൽ നിന്നും 43 കിലോമീറ്റർ അകലെ ഉണ്ണികുളം ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് മാറ്റി നിയമിച്ചതായും, കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ നിന്നും 11 കിലോമീറ്റർ അകലെയുള്ള ബേപ്പൂർ പ്രദേശത്താണ് താമസിക്കുന്നത് എന്നും പ്രസ്തുത സ്ഥലത്ത് നിന്നും 43 കിലോ മീറ്റർ യാത്ര ചെയ്തുവേണം സ്ഥലം മാറ്റം ലഭിച്ച പഞ്ചായത്ത് ഓഫീസിലെത്താൻ എന്നതിനാൽ സർവ്വീസിൽ നിന്നും വിരമിക്കാൻ 9 മാസം മാത്രം ബാക്കി നിൽക്കുന്നത് പരിഗണിച്ച്, സ്ഥലംമാറ്റ ഉത്തരവ് റദ്ദ് ചെയ്ത് കോഴിക്കോട് കോർപ്പറേഷൻ ഓഫീസിൽ തന്നെ നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ശ്രീ.സുരേഷ്.കെ.കെ, കോഴിക്കോട് കോർപ്പറേഷനിൽ 09.10.2017 മുതൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുകയാണ് എന്നും ടിയാൾ ടി സ്റ്റേഷനിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയതാണ് എന്നും അറിയിക്കുന്നു. പൊതുസ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചുള്ള ഉത്തരവ് പ്രകാരം, ഒരു ഓഫീസിൽ അതാത് വർഷം മാർച്ച് 31-ന് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ നിർബന്ധമായും സ്ഥലം മാറ്റേണ്ടതാണെന്നും, ഒരു ഓഫീസിൽ മൂന്ന് വർഷം പൂർത്തിയാക്കിയ ജീവനക്കാർ സ്ഥലം മാറ്റത്തിന് അപേക്ഷിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം പൊതു സ്ഥലം മാറ്റത്തിൽ സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ടുള്ളവരെ പരിഗണിച്ചതിന് ശേഷമുള്ള ഒഴിവുകളിലേയ്ക്ക് മാത്രമേ ടിയാളെ പരിഗണിക്കുകയുള്ളുവെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ശ്രീ.സുരേഷ്.കെ.കെ കോഴിക്കോട് കോർപ്പറേഷനിൽ മുന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടും ടിയാൾ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നില്ല. ആയതിനാലാണ് ടിയാളെ കോഴിക്കോട് ജില്ലയിൽ ഒഴിവുണ്ടായിരുന്ന ഉണ്ണികുളം ഗ്രാമപഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റിയത് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി..

4. സർക്കാർ ഇക്കാര്യം ശ്രീ.സുരേഷ്.കെ.കെ-യുടെ അപ്പീൽ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ.സുരേഷ്.കെ.കെ 6 വർഷമായി (09.10.2017 മുതൽ) കോഴിക്കോട് കോർപ്പറേഷനിൽ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുകയാണ് എന്ന് കാണുന്നു. പൊതുസ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചുള്ള ഉത്തരവ് പ്രകാരമുള്ള, മുന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടും ടിയാൾ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നില്ലായെന്നതിനാലാണ് ടിയാളെ കോഴിക്കോട് ജില്ലയിൽ ഒഴിവുണ്ടായിരുന്ന ഉണ്ണികുളം ഗ്രാമപഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റിയത് എന്നതിനാൽ പ്രസ്തുത ഉത്തരവ് ക്രമപ്രകാരമാണെന്ന് കാണുന്നു.

5. മേൽ സാഹചര്യത്തിൽ ശ്രീ.സുരേഷ്.കെ.കെ യുടെ അപ്പീൽ അപേക്ഷയിലെ ആവശ്യം നിലവിൽ പരിഗണിക്കാനാകുന്നതല്ലായെന്ന് കണ്ട് ആയത് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ ഒ.എ. 1290/2023 നമ്പർ കേസിലെ 11.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം
ശ്രീ.സുരേഷ്.കെ.കെ, സൂപ്രണ്ട്, കോഴിക്കോട് കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 20-09-2023 15:55:57
സെക്ഷൻ ഓഫീസർ